IV. ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.സി. വേണുഗോപാൽ : സർ, കഴിഞ്ഞ സമ്മേളനത്തിലും ഉന്നയിച്ച ഒരു പ്രധാനപ്പെട്ട പ്രശ്നമാണിത്. സഭയിലെ അംഗങ്ങൾ നൽകുന്ന ചോദ്യങ്ങൾക്ക് ഗവണ്മെന്റ് നൽകുന്ന ഉത്തരങ്ങൾ, അവ്യക്തവും അപൂർണ്ണവുമാണ്. ഉത്തരങ്ങൾ സമയത്തിന് കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. സഭയിലെ അംഗങ്ങൾക്ക് യഥാസമയം വിവരം അറിയുക എന്നുള്ളത് അംഗങ്ങളുടെ അവകാശങ്ങളുടെ ഭാഗമാണ്. ആ അവകാശത്തിന്റെ ഭാഗമായി 12 ദിവസത്തിനുമുൻപ് ചോദ്യം കൊടുത്തു. 12 ദിവസത്തിനു മുൻപ് ചോദ്യം കൊടുത്താലും, ആ ചോദ്യത്തിന് യഥാസമയം ഉത്തരം ലഭിക്കാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഗവണ്മെന്റിന്റെ മറുപടി, വിഷയം പരിശോധിച്ചുവരുന്നു എന്നാണ്. ഉദാഹരണം, 13-ാം തീയതി 20-ാം നമ്പർ ചോദ്യം ചോദിച്ചതിന് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്, ഇത് ഗവണ്മെന്റിന്റെ പോളിസിയുടെ ഭാഗമാണോ? ഉത്തരം വിവരം ശേഖരിച്ചുവരുന്നു എന്നാണ്. അതുപോലെ കട്ടപ്പനയിൽ ഒരു കോളേജ് വിദ്യാർത്ഥിയെ തട്ടിക്കൊണ്ടുപോയി മാനഭംഗപ്പെടുത്തിയ കേസിൽ പോലീസ് കേസ് എടുക്കാതിരുന്നാൽ കോടതി ഇടപെട്ട് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയതിനെ സംബന്ധിച്ചാണ്. അതിനും വിവരം ശേഖരിച്ചുവരുന്നു എന്നാണ് മറുപടി. ഇടുക്കി എസ്.പി. യോട് വിവരം ചോദിച്ച് പറയേണ്ടത് 12 ദിവസമായിട്ടും കിട്ടിയിട്ടില്ല എന്നുള്ളതാണ് കാര്യം. 13.12.99 ലെ 36-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യം, കൂത്തുപറമ്പ് വെടിവയ്പ് കേസിൽ പ്രതികളായവർ ഹൈക്കോടതിയിൽ നൽകിയ പരാതിയിൻമേലുള്ള വിധിയെക്കുറിച്ചായിരുന്നു. വിധിപ്പകർപ്പ് ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല എന്നാണ് 13-ാം തീയതി നൽകിയ മറുപടി. എന്നാൽ കേസിൽ അപ്പീൽ നൽകാൻ തീരുമാനിക്കുകയും 14-ാം തീയതി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് അപ്പീൽ പരിഗണിച്ച് സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 13-ാം തീയതി ഫ്ളോറിൽ വിവരം പരിശോധിച്ചുവരുന്നു എന്നു പറയുകയും 14-ാം തീയതി ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും, സ്റ്റേ വാങ്ങുകയും ചെയ്തു. ഇത് സത്യത്തിൽ അംഗങ്ങളുടെ അവകാശങ്ങൾ പരിപൂർണ്ണമായി നിഷേധിക്കുന്ന ഒരു സമീപനമാണ്. അതുപോലെ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പിൻവലിച്ച കേസുകളുടെ എണ്ണത്തെക്കുറിച്ച് ചോദിച്ചു. ഇത് ഇവിടെനിന്ന് നേരിട്ട് കിട്ടാവുന്നതാണ്. പിൻവലിക്കാൻ നിർദ്ദേശം നൽകിയാൽ ഗവണ്മെന്റ് സെക്രട്ടറിയേറ്റിൽ ലഭ്യമാക്കാവുന്നതിനും മറുപടി വിവരം ശേഖരിച്ചുവരുന്നു എന്നാണ്. എന്താണ് ഇതിനർത്ഥം. ഞങ്ങൾ 21-ാം തീയതി ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കേണ്ടതാണ്. ഇന്നലെവരെയായിട്ടും ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയിട്ടില്ല. യഥാസമയം കിട്ടേണ്ട ഉത്തരങ്ങൾ, പ്രത്യേകിച്ച് പ്രതിപക്ഷാംഗങ്ങൾ, ഞങ്ങൾ സർക്കാരിൽ നിന്നും കിട്ടിയ വിവരമനുസരിച്ചാണ് ചർച്ചകളിൽ പങ്കെടുക്കാറ്. സഭയിൽ ചർച്ചയിൽ പങ്കെടുക്കാനുള്ള ഞങ്ങളുടെ അവകാശങ്ങളെ ചോദ്യം ചെയ്യുന്ന ഈ സമീപനം എത്രമാത്രം ക്രൂരമാണ്. 30 ചോദ്യം വരെ ചോദിക്കാനുള്ള അവസരം ചുരുക്കി 5 ആക്കി. സഭയിൽ തന്ന ഉറപ്പായിരുന്നു. അംഗങ്ങളുടെ അവകാശങ്ങൾ കട്ട് ചെയ്തിട്ടാണ് 5 ആക്കി ചുരുക്കിയത്. 5 ചോദ്യമാക്കി ചുരുക്കിയിട്ടും ഉത്തരങ്ങൾ യഥാസമയം കിട്ടുന്നില്ല. ഇതിന്റെ അർത്ഥമെന്താണ്. എം.എൽ.എ. മാരെന്നുള്ള നിലയിൽ സത്യം അറിയേണ്ടുന്ന വസ്തുതകൾ മറച്ചുപിടിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ ശരിയാണോ? ഇക്കാര്യത്തിൽ സഭാനാഥനായ അങ്ങ് ശക്തമായ നിർദ്ദേശം നൽകണം. അംഗങ്ങളുടെ വികാരങ്ങൾ പാലിക്കാൻ സഭാനാഥൻ

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്തുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 13.12.99-ന് മുഖ്യമന്ത്രി ഉത്തരം പറയേണ്ടുന്ന 13 നക്ഷത്രചിഹ്നമിട്ടതും, 113 നക്ഷത്രചിഹ്നമിടാത്തതുമായ ചോദ്യങ്ങളാണ് ആകെ ഉണ്ടായിരുന്നത്. ഇവയിൽ 113 എണ്ണത്തിന് സമ്പൂർണ്ണ ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ 13 ചോദ്യങ്ങൾക്ക് വിവരം ശേഖരിച്ചുവരുന്നു എന്നാണ് ഉത്തരം നൽകിയിട്ടുള്ളത്. 113-നും വിവരം നൽകി, 13-ന് വിവരം ശേഖരിച്ചു വരുന്നു എന്നു പറഞ്ഞു. ഇത്രയുമേയുള്ളൂ. അത് മുഴുവൻ ശരിയാണെന്ന് ഞാൻ പറയുന്നില്ല. വിശദവിവരം ശേഖരിച്ചു നൽകേണ്ടുന്ന ചോദ്യങ്ങൾക്ക് ഇടക്കാല ഉത്തരവ് നൽകി പൂർണ്ണവിവരം ശേഖരിച്ചശേഷം മറുപടി നൽകുകയാണ് നിലവിലുള്ള കീഴ്വഴക്കം. അത് പൂർണ്ണമായും ഒഴിവാക്കുക എല്ലായ്പ്പോഴും എളുപ്പമായിരിക്കുകയില്ല. പരമാവധി ചോദ്യങ്ങളുടെ ഉത്തരം നിശ്ചിത സമയത്തിനകം തന്നെ നൽകി എല്ലാ ചോദ്യങ്ങൾക്കും അതേ ദിവസംതന്നെ പൂർണ്ണമായ ഉത്തരം നൽകുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തി. എന്നാൽ ചോദ്യങ്ങളിൽ ശേഖരിക്കേണ്ടിവരുന്ന വിവരങ്ങളുടെ ലഭ്യത കണക്കിലെടുത്തുമാത്രമേ ഇക്കാര്യം ഉറപ്പിക്കുവാൻ കഴിയുകയുള്ളൂ. നിയമസഭയിൽ നൽകുന്ന മറുപടിയുടെ വസ്തുനിഷ്ഠവും, പൂർണ്ണവുമായ വിവരങ്ങൾഉൾക്കൊള്ളുന്നതായിരിക്കണം എന്ന ഉത്തമതാൽപ്പര്യമാണ് ഇക്കാര്യത്തിലുള്ളത്, അതിനായി പരമാവധി ശ്രമം നടത്തുകയാണ്. ഉദാഹരണം, എത്ര പേരെ റിലീസ് ചെയ്തു. അതിന്റെ കണക്ക്, ഇത്ര പേരെ റിലീസ് ചെയ്തിട്ടുണ്ട്. കേസ് പിൻവലിച്ചിട്ടുണ്ട്. അതിന്റെ കണക്ക് ഇന്നലെ ഞാൻ എടുത്തുവച്ചിട്ടുണ്ട്. അത് ഞാൻ ഇതിൽ കൊടുത്തിട്ടില്ല. കൊടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതുമുഴുവൻ ഇന്നലെ കിട്ടി. 13 എണ്ണത്തിന്റെ ബാക്കിയുണ്ട്. പരമാവധി ശ്രമം നടത്തി വേണ്ടത്ര ശേഖരിച്ച് കൃത്യസമയത്ത് നൽകാൻ നടപടി കൈക്കൊള്ളുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, സിംഗിൾ ബഞ്ചിന്റെ ജഡ്ജ്മെന്റിന്റെ കോപ്പി കിട്ടാതെയാണോ ഡിവിഷൻ ബഞ്ചിന് ഈ ഗവണ്മെന്റ് അപ്പീൽ കൊടുത്തത്. 13-ാം തീയതി ചോദിച്ച ചോദ്യത്തിന് ഹൈക്കോടതി വിധിപകർപ്പ് കിട്ടിയില്ല എന്നുപറഞ്ഞ് 14-ാം തീയതി ഡിവിഷൻ ബഞ്ചിന് ഈ ഗവണ്മെന്റ് അപ്പീൽ കൊടുത്തപ്പോൾ ബോധപൂർവ്വം അംഗങ്ങളുടെ ചോദ്യങ്ങൾക്ക് സത്യം മറച്ചുവയ്ക്കുന്നതിനുവേണ്ടി ഈ സഭയിൽ ഗവണ്മെന്റ് ഒരു ശ്രമം നടത്തുകയും, നിയമസഭാ രേഖകളിൽകൂടി അസത്യം പറയുകയും ചെയ്തു. അതിനെക്കുറിച്ച് അങ്ങയുടെ കമന്റ് വേണം.

V. റൂളിംഗ്

ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നല്കേണ്ടതിന്റെ ആവശ്യകത

മി. സ്പീക്കർ : ശ്രീ. കെ.സി. വേണുഗോപാലിന്റെ നോട്ടീസ് ചെയറിന് ലഭിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തു. അദ്ദേഹം അത് സവിസ്തരം പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ മറുപടിയുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുകയല്ല. ചോദ്യങ്ങൾക്കുള്ള മറുപടി കൃത്യസമയത്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിലെ വീഴ്ചകളെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഞാൻ പറയുന്നത്. മുഖ്യമന്ത്രിയുടെ മറുപടി ചെയർ മുഖവിലയ്ക്കുതന്നെ എടുക്കുന്നു. ഭാവിയിൽ കൃത്യസമയത്തുതന്നെ മറുപടി ഉണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ചോദ്യങ്ങൾ ചോദിക്കുന്നതിന് ചില നിയന്ത്രണങ്ങളും ക്രമീകരണങ്ങളും നാം ഈ സഭയിൽ വരുത്തുകയുണ്ടായി. പ്രധാനമായും രണ്ടു കാര്യ

LIBRARY ARCHIVES Kerala Legislative Assembly